## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2727      18/06/2018-ൽ മറുപടിയ്ക്ക്

## തീരദേശ സ്കൂളുകൾക്ക് സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) തീരദേശ പരിധിയിൽ വരുന്ന സ്കൂളുകൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ ആണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) 2018-19 സാമ്പത്തിക വർഷത്തിൽ 'ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ മേഖലയിലെ ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ കെട്ടിട നിർമ്മാണം, ലബോറട്ടറി നവീകരണം എന്നിവ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഹയർ സെക്കന്ററി വിഭാഗത്തിൽ 250 കുട്ടികളെങ്കിലും അദ്ധ്യയനം നടത്തുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാരിൽ നിന്നാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. കൂടാതെ, പുതിയ കെട്ടിട നിർമ്മാണത്തിനായി സ്ഥലസൗകര്യം ഉള്ള സ്കൂളുകളെയും, ലാബ് നവീകരണത്തിന് നിലവിൽ മതിയായ കെട്ടിട സൗകര്യമുള്ള സ്കൂളുകളെയുമാണ് പരിഗണിക്കുന്നത്. |
| (ബി) തലശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ വന്നതിന് ശേഷം ഏതെല്ലാം തീരദേശ സ്കൂളുകൾക്കാണ് സാമ്പത്തിക സഹായം അനുവദിച്ചതെന്ന് തുകയടക്കം വ്യക്തമാക്കാമോ? | (ബി) സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല. |

Reeny

സെക്ഷൻ ഓഫീസർ